"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല- കോന്നി ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.37/2026/LSGD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:- 1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2025-ലെ LSGD/PD/29672/2025-GEB2-നമ്പർ നടപടിക്രമം.

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.10.2025-ലെ LSGD/PD/29672/2025-GEB2-നമ്പർ കത്ത്

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-03-V-3122-നമ്പർ ബൊലേറോ വാഹനം ലേലം ചെയ്യുന്നതിന്, പരാമർശം (1) പ്രകാരം, അനുമതി നൽകിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ 13 ലക്ഷം രൂപ ചെലവഴിച്ച് പുതിയ വാഹനം വാങ്ങുന്നതിന് പദ്ധതി തയാറാക്കിയിട്ടുണ്ടെന്നും ആയതിനാൽ 13 ലക്ഷം രൂപ ചെലവഴിച്ച് കോന്നി ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കോന്നി ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-03-V-3122-നമ്പർ ബൊലേറോ വാഹനം നിരാകരണം ചെയ്തതിന് ശേഷം മാത്രമേ പുതിയ വാഹനം വാങ്ങാവൂയെന്നും, സർക്കാരിൽ നിന്നും ലഭിച്ച യാതൊരു ഗ്രാന്റും ഉപയോഗിക്കാൻ പാടില്ലയെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി ടി വാഹനത്തിന് പകരമായി പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് 10 ലക്ഷം രൂപയിൽ( പത്ത് ലക്ഷം രൂപ മാത്രം) താഴെ വിലയുള്ള ഒരു ഡീസൽ /ഇലക്ട്രിക് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

4) ധനകാര്യ വകുപ്പ്. (E-3307274-DEV-3/293/2025-Fin dated 20.11.2025)

5) സെക്രട്ടറി, കോന്നി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.

6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

7) ഇൻഫർമേഷൻ ഓഫീസർ ,വെബ് & ന്യൂ മീഡിയ വിംഗ്, ഐ &പി.ആർ.ഡി. 8) കരുതൽ ഫയൽ. (DB2/744/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-01-2026 16:10:07

സെക്ഷൻ ഓഫീസർ